(ഡി) ഈ പദ്ധതിക്ക് രൂപം കൊടുത്തിട്ടുള്ളത്. NATPAC-ന്റെ പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് M/s. ഗ്രൂപ്പ് ആണ് ആർക്കിടെക്ച്ചറൽ കൺസൾട്ടന്റ് നിർമ്മാണ പ്രവൃത്തികൾക്ക് കരാർ എടുത്തിട്ടുള്ളത്. M/s.ചീരൻസ് സ്ട്രക്ചറൽസ് ആണ്. HUDCO-യിൽ നിന്നുള്ള വായ്പ സ്വീകരിക്കാനാണ് ട്രിഡയുടെ എക്സിക്യൂട്ടീവ് കമ്മിറ്റി തീരുമാനമെടുത്തിട്ടുള്ളത്.

(ഇ) 6-1-2011-ൽ എഗ്രിമെന്റ് വച്ച് പണി ആരംഭിച്ചിട്ടുണ്ട്.

(എഫ്) 5-1-2012-നകം പണി പൂർത്തിയാക്കുവാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

പുറമ്പോക്കുതോട് മണ്ണിട്ടു നികത്തിയതിനെതിരെ നടപടി

173 (1643) ശ്രീ. എ. കെ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാള നിയോജകമണ്ഡലത്തിലെ അന്നമനട ഗ്രാമപഞ്ചായത്തിലെ അമങ്ങാട് പാടശേഖരത്തിലെ പുറമ്പോക്കുതോട് ഒരു വ്യക്തി അനധികൃതമായി മണ്ണിട്ടു നികത്തിയ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത പുറമ്പോക്കുതോട് അനധികൃതമായി നികത്തിയതിനെതിരായി പാടശേഖരസമിതിയും കർഷകരും അന്നമനട പഞ്ചായത്ത് അധികാരികൾക്ക് നൽകിയ പരാതിയിന്മേൽ പഞ്ചായത്ത് ഭരണാധികാരികൾ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ;

(സി) പുറമ്പോക്കുതോട് നികത്തുന്നതിന് പഞ്ചായത്ത് ഭരണസമിതി ഈ വ്യക്തിക്ക് അനുമതി നൽകിയിട്ടുണ്ടോയെന്നും അങ്ങനെ അനുവാദം നൽകാൻ പഞ്ചായത്തിന് അധികാരമുണ്ടോയെന്നും വ്യക്തമാക്കുമോ ;

(ഡി) ഈ തോട് നികത്തിയതിനെതിരെ തൃശ്ശൂർ ജില്ലാ വികസന സമിതിയിൽ ആക്ഷേപം ഉന്നയിക്കപ്പെട്ടതിനെത്തുടർന്ന് ഡി.പി.ഒ. നടത്തിയ അന്വേഷണ റിപ്പോർട്ട് നടപടിക്കായി നൽകിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ എന്നാണ് റിപ്പോർട്ട് ലഭിച്ചതെന്നും അതിൽ എന്തു നടപടിയാണ് സ്വീകരിച്ചതെന്നും വിശദമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) നികത്തിയ തോട് പൂർവ്വ സ്ഥിതിയിലാക്കാൻ നിർദ്ദേശിച്ചുകൊണ്ട് തോട് നികത്തിയ ആൾക്ക് ഗ്രാമപഞ്ചായത്ത് നോട്ടീസ് നൽകിയിട്ടുണ്ട്.

(സി) 24-3-2009-ലെ 5/19 നമ്പർ തീരുമാന പ്രകാരം പുറമ്പോക്ക് തോട് നികത്തുന്നതിന് ഗ്രാമപഞ്ചായത്ത് ഭരണസമിതി അനുമതി നൽകിയിട്ടുണ്ട്. എന്നാൽ ഇത്തരത്തിൽ അനുമതി നൽകാൻ ഗ്രാമപഞ്ചായത്തിന് അധികാരമില്ലാത്തതിനാൽ ഇക്കാര്യം പുനഃപരിശോധിക്കാൻ സർക്കാർ പഞ്ചായത്തിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി) ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly